(സി) ഉണ്ട്.

(ഡി) നഴ്സിംഗ് ട്യൂട്ടേഴ്സിന്റെ അഞ്ച് തസ്തികകൾ മാത്രമേ നിലവിലുള്ളൂ. പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടപ്പില്ല. മറ്റ് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്.

കാലാവധി കഴിഞ്ഞതിനാൽ നശിപ്പിക്കപ്പെട്ട മരുന്നുകൾ

154(896)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഈ വർഷം നിശ്ചിത കാലാവധി കഴിഞ്ഞതിനാൽ നശിപ്പിക്കപ്പെട്ട മരുന്നുകളുടെ വിശദാംശം ശേഖരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ ആകെ വിലയടക്കമുള്ള വിവരം ശേഖരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആവശ്യമില്ലാത്തതോ കുറഞ്ഞ ആവശ്യമുള്ളതോ ആയ മരുന്നുകൾ കൂടുതൽ അളവിൽ വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഒഴിവാക്കുവാനും കൂടുതൽ ആവശ്യം വരുന്ന മരുന്നുകൾ മാത്രം കൂടുതൽ അളവിൽ വാങ്ങുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

ഡോക്ടർമാർ ക്വാർട്ടേഴ്സിൽ താമസിക്കണമെന്ന ആവശ്യം

155(897)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാർ ക്വാർട്ടേഴ്സിൽ താമസിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇതു സംബന്ധിച്ച് കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ)-(ഡി) കുറ്റിപ്പുറം പി.എച്ച്.സി. യിലെ ക്വാർട്ടേഴ്സിൽ ഡോക്ടർമാർ താമസിക്കുന്നത് സംബന്ധിച്ച് എ.എ. കുഞ്ഞാപ്പുട്ടി എന്നയാൾ

LIBRARY ARCHIVES Kerala Legislative Assembly

കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒരു ഡോക്ടർ അവിടത്തെ ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ട്. ഒരു ക്വാർട്ടേഴ്സ് ഉപയോഗശൂന്യമായി കിടക്കുന്നു. ഈ ക്വാർട്ടേഴ്സ് കേടുപാടുകൾ തീർക്കുന്നതിന് ബ്ളോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഹോമിയോ ഔഷധ നിർമ്മാണത്തിനും വിതരണത്തിനുമായി കോർപ്പറേഷൻ

156 (898)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ ഔഷധ നിർമ്മാണത്തിനും വിതരണത്തിനുമായി കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയെ ഒരു കോർപ്പറേഷനായി മാറ്റുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

കൊടുങ്ങല്ലൂരിൽ ആയുർവേദ ആശുപത്രി തുടങ്ങുവാൻ നടപടി

157(899)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ പെരിഞ്ഞനത്ത് നിർമ്മാണം പൂർത്തീകരിച്ച വി.കെ. ഗോപാലൻ സ്മാരക കെട്ടിടത്തിൽ ഒരു ആയുർവേദ ആശുപത്രി തുടങ്ങുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന നൂറ് ആയുർവേദ ആശുപത്രികളിൽ ഒരു ആയുർവേദ ആശുപത്രി ഇവിടേയും ആരംഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി)&(സി) നടപ്പു സാമ്പത്തിക വർഷം ആരംഭിക്കാനുദ്ദേശിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥലനിർണ്ണയം നടത്തിയിട്ടില്ല.

ഔഷധിയുടെ പുതിയ വികസന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly